**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 308** **27-06-2022 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണ വിലയിലുണ്ടായിട്ടുള്ള വ്യത്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കർഷകരിൽ നിന്നും കിലോയ്ക്ക് എത്ര രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നതിനാണ് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 2021-22 സീസണിൽ കിലോയ്ക്ക് 19.40 രൂപ നിരക്കിലാണ് നെല്ലിന്റെ അടിസ്ഥാന താങ്ങുവില കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് നെല്ല് സംഭരിക്കുന്നതിനായി സംസ്ഥാന സർക്കാർ വിഹിതമായി അനുവദിച്ചിട്ടുള്ളത് കിലോയ്ക്ക് എത്ര രൂപ വീതം ആണ്; എന്ന് മുതലാണ് ഈ നിരക്ക് പ്രകാരം കർഷകരിൽ നിന്ന് സർക്കാർ നെല്ല് സംഭരിച്ചു തുടങ്ങിയതെന്ന് വെളിപ്പെടുത്താമോ; | (ബി) | 2021-22 സീസണിലെ 2021 സെപ്റ്റംബർ മാസം മുതൽ സംസ്ഥാന പ്രോത്സാഹന ബോണസിനത്തിൽ കിലോയ്ക്ക് 8.60 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചു വരുന്നു.<br><br>2022-23 സീസൺ മുതൽ സംസ്ഥാന പ്രോത്സാഹന ബോണസ് 8.80 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | മുൻ സർക്കാരിന്റെ അവസാന നാളുകളിൽ അന്നത്തെ ധനകാര്യ മന്ത്രി പ്രഖ്യാപിച്ചിരുന്ന നെല്ല് സംഭരണ വിലയിലെ 52 പൈസയുടെ വർദ്ധനവ് കർഷകർക്ക് ലഭ്യമാക്കുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. 2020-21 സീസണിൽ നെല്ലിന്റെ സംഭരണ വില 10.04.2021 ലെ സ.ഉ (കൈ) നം.16/2021/ ഭ.പൊ.വി.വ. പ്രകാരം 52 പൈസ വർദ്ധിപ്പിച്ച് കിലോഗ്രാമിന് 28 രൂപയായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം നെല്ല് സംഭരണ വിലയിൽ വീണ്ടും 20 പൈസയുടെ വർദ്ധനവ് പ്രഖ്യാപിക്കുകയുണ്ടായോ; എങ്കിൽ ഈ വർദ്ധനവിന്റെ ആനുകൂല്യം കർഷകർക്ക് ലഭിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ; | (ഡി) | 2022-23 സീസൺ മുതൽ 19.04.2022 ലെ സ.ഉ. (കൈ) നം. 9/2022/ഭ.പൊ.വി.വ. പ്രകാരം നെല്ലിന്റെ സംഭരണ വില 20 പൈസ വർദ്ധിപ്പിച്ച് കിലോഗ്രാമിന് 28.20 രൂപയായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2022-23 സീസൺ മുതൽ ഇത് കർഷകർക്ക് ലഭിക്കും. |
| (ഇ) | നിലവിൽ സപ്ലൈകോ മുഖേന സംഭരിച്ച നെല്ലിന് കിലോയ്ക്ക് എത്ര രൂപ വീതമാണ് കർഷകർക്ക് നൽകിയതെന്ന് അറിയിക്കാമോ; | (ഇ) | 2021-22 സീസണിൽ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില കിലോഗ്രാമിന് 28/-രൂപ നിരക്കിലാണ് നൽകി വരുന്നത്. |
| (എഫ്) | കർഷകർക്ക് നൽകിയ വില മുൻ പ്രഖ്യാപനങ്ങൾ പ്രകാരമുള്ള ആകെ വിലയേക്കാൾ കുറവായിരുന്നോ; എങ്കിൽ ഈ കുറവുണ്ടായത് എന്തുകൊണ്ടാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എഫ്) | അല്ല. 2021-22 സീസണിലെ നെല്ലിന്റെ സംഭരണ വിലയായ 28/- രൂപയിൽ നിന്നും 20 പൈസ വർദ്ധിപ്പിച്ച് 2022-23 സീസൺ മുതൽ നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 28.20/- രൂപയായി |

| | | | |
|---|---|---|---|
| | | | 19.04.2022 ലെ സ.ഉ.(കൈ) നം. 9/2022/ ഭ.പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ